**F 4788** (Pages : 2) Reg. No..................................

Name.....................................

# M.A. DEGREE (C.S.S.) EXAMINATION, JANUARY 2017

## Third Semester

Faculty of Language and Literature

Branch II—Malayalam

PC 12—**മലയാള ഭാഷാവ്യാകരണം**

(2012 Admission onwards)

Time : Three Hours Maximum Weight : 30

I. ഒരു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

1 ചുട്ടെഴുത്തുകൾക്ക് സന്ധികാര്യങ്ങളിലും സർവ്വനാമ വിധികളിലും ഉള്ള സവിശേഷതകൾ എന്തെല്ലാം ?

2 ഭേദകങ്ങൾ എന്ത് ? മലയാള ഭാഷയിൽ ഇവയ്ക്കുള്ള പ്രാധാന്യം.

3 മലയാളത്തിലെ വചനപ്രത്യയങ്ങളെ വിവരിച്ചുദാഹരിച്ച് അപവാദങ്ങളെ ചൂണ്ടിക്കാണിക്കുക.

4 മലയാളത്തിലെ 'അ' കാരധ്വനി മുഷിക്കുന്നതെങ്ങനെയെല്ലാം ? ശുദ്ധ അകാരം എന്ത് ?

5 നപുംസകലിംഗ പരികല്പന മലയാളത്തിൽ വ്യാകരണരീത്യാ ശക്തമാണോ ?

6 "നിർദ്ദേശികാവിഭക്തി എന്നൊന്നേയുള്ളൂ"—ഈ പ്രസ്താവനയുടെ അർത്ഥം വെളിപ്പെടുത്തുക.

7 വിഭക്ത്യാഭാസത്തെപ്പറ്റി എ.ആറിൻെറ നിഗമനങ്ങൾ എന്തെല്ലാം ?

8 നിപാതം, അവ്യയം ഇവയുടെ പ്രക്രിയാകാര്യങ്ങളെ പരിചയപ്പെടുത്തുക.

(5 × 1 = 5)

II. രണ്ടു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

9 അക്ഷരമാലാ വർഗ്ഗീകരണത്തിൽ നിലവിലുള്ള വിവിധ അഭിപ്രായങ്ങളെ നിരീക്ഷിക്കുക.

10 സന്ധികല്പനയിൽ ഏ.ആർ. പിഴവു വരുത്തിയോ ? വ്യാകരണരീത്യാ ഏ.ആറിൻെറ സന്ധികാര്യം വിമർശിക്കുക.

11 ലീലാതിലക ഗ്രന്ഥത്തിൻെറ സ്വാധീനം കേരളപാണിനീയത്തിൽ പ്രകടമാണോ ? 2-ാം ശില്പത്തെ മുൻനിറുത്തി പരിശോധിക്കുക.

12 മലയാളത്തിലെ കാരക ബന്ധങ്ങളിൽ ഏ.ആർ. കണ്ടെത്തുന്ന നിയാമകങ്ങൾ എന്ത് ? ഇതിൻെറ സാധുത വിലയിരുത്തുക.

13 പ്രകാരങ്ങളുടെ പ്രത്യയാഗമം, പ്രകാരവിധികൾ എന്നിവ സംബന്ധിച്ച് മലയാള ഭാഷയിൽ നടന്നിട്ടുള്ള ചർച്ചകൾ എന്തെല്ലാം ?

Turn over

14 ഏ.ആറിൻെറ 'കേരളപാണിനീയ'ത്തിനു മുമ്പ് മലയാളത്തിലുണ്ടായ വ്യാകരണ ഗ്രന്ഥങ്ങളുടെ വസ്തുതനിഷ്ഠത വിലയിരുത്തുക.

15 പദക്രമം മലയാള ഭാഷയിൽ എപ്രകാരം രൂപപ്പെടുന്നു ? ഘടനാ. വ്യതിയാനങ്ങൾ സംഭവിക്കുന്നതെങ്ങനെ ?

16 പുരുഷപ്രത്യയനിരാസമോ അഭാവമോ ? മലയാളം, ദ്രാവിഡം എന്നീ ഭാഷാസങ്കല്പങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.

(5 × 2 = 10)

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

17 ശ്രുതിഭേദം എന്നതിനു പിറകിലുള്ള വ്യാകരണ വിധികൾ അവതരിപ്പിച്ച് ഏ.ആർ. ശ്രുതിഭേദത്തിനു നിർദ്ദേശിക്കുന്ന കാരണങ്ങളെ ആധുനിക ഭാഷാശാസ്ത്രരീത്യാ വിലയിരുത്തുക.

**അല്ലെങ്കിൽ**

18 വർത്തമാനകാലം എന്നൊന്ന് ഉണ്ടോ ? വ്യാകരണ വിധിപ്രകാരം ഇതിന് പശ്ചാത്തലമായി നിലവിലുള്ള വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

19 നാമം, നാമവിശേഷണം, നാമധാതു, നിഷ്പന്ന നാമം എന്നീ വിഭാഗങ്ങളെ പരിചയപ്പെടുത്തി മലയാള വ്യാകരണത്തിൽ ഇതു സംബന്ധിച്ച ഏ.ആറിൻെറ നിഗമനങ്ങൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

20 സമാസം എന്ത് ? മലയാളത്തിലെ സമാസങ്ങളെ നിയമപരികല്പന സഹിതം ഉദാഹരിച്ച് വിവരിക്കുക. സംസ്കൃതത്തിൽനിന്നും സ്വീകരിച്ച് പ്രചാരം നേടിയ സമാസങ്ങളെ ചൂണ്ടിക്കാണിക്കുക.

21 മലയാളത്തിലെ വാക്യഘടനയെ സംബന്ധിച്ച് ഏ.ആറിൻെറ നിഗമനം ക്രോഡീകരിച്ച് ചോംസ്കി മുന്നോട്ടു വെയ്ക്കുന്ന നിരീക്ഷണങ്ങൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

22 പേരെച്ചം, വിനയെച്ചം എന്നിവ വിവരിച്ച് മലയാളത്തിൻെറ ക്രിയാസങ്കല്പത്തിൽ ഇവയ്ക്കുള്ള പ്രാധാന്യം അടയാളപ്പെടുത്തുക.

(3 × 5 = 15)